'ഭരണഭാഷ – മാതൃഭാഷ'

**ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ, തിരുവനന്തപുരം**

വിഷയം – ഹോമിയോപ്പതി വകുപ്പ് – ജീവനക്കാര്യം – ശൂന്യവേതന അവധി റദ്ദു ചെയ്ത് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അനുവാദം നല്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം –
1. സ.ഉ. (സാധാ) നമ്പർ 4360/2011/ആകുവ, തീയതി 19.12.2011
2. സ.ഉ. (സാധാ) നമ്പർ 2502/2009/ആകുവ, തീയതി 27.08.2009
3. 31.07.2012 ലെ ഡോ. അച്ചാമ്മ ലേനു തോമസിന്റെ അപേക്ഷ
4. 27.07.2012 ലെ ഡോ. ഫിലിൻ പീറ്ററുടെ അപേക്ഷ.

**ഉത്തരവ് നമ്പർ ഇഎ1– 7530/2012/ഡി എച്ച്. തീയതി : 16/01/2013.**

മെഡിക്കലാഫീസർ തസ്തികയിൽ ജോലിയിൽ ഇരിക്കവെ പരാമർശം 1,2 സർക്കാർ ഉത്തരവുകൾ പ്രകാരം 5 വർഷ ശൂന്യവേതന അവധിയിൽ പ്രവേശിച്ച കാസർഗോഡ് ജില്ലയിലെ പാലച്ചാൽ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ മെഡിക്കലാഫീസർ ഡോ. ഫിലിൻ പീറ്റർ, കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഡിസ്പെൻസറിയിലെ മെഡിക്കലാഫീസർ ഡോ. അച്ചാമ്മ ലേനു തോമസ് എന്നിവർ സൂചന 3, 4 പ്രകാരം അവധി റദ്ദ് ചെയ്ത് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അനുവാദം നൽകുന്നതിനായി അപേക്ഷകൾ സമർപ്പിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഒഴിവ് നിലവിലുള്ള സ്ഥാപനങ്ങളിൽ അവരവരുടെ പേരിനു നേരെ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവായിരിക്കുന്നു.

| നമ്പർ | പേരും ഉദ്യോഗപ്പേരും | നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ഡോ. ഫിലിൻ പീറ്റർ, മെഡിക്കലാഫീസർ, സർക്കാർ ഹോമിയോ ഡിസ്പെൻസറി, പാലച്ചാൽ | സർക്കാർ ഹോമിയോഡിസ്പെൻസറി, വട്ടവട, ഇടുക്കി |
| 2 | ഡോ. അച്ചാമ്മ ലേനു തോമസ് മെഡിക്കലാഫീസർ, സർക്കാർ ഹോമിയോഡിസ്പെൻസറി, കൂടരഞ്ഞി | സർക്കാർ ഹോമിയോഡിസ്പെൻസറി, മുട്ടിൽ, വയനാട് |

ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ഉപയോഗിക്കാത്ത അവധി റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട മേലധികാരി മുഖേന സമർപ്പിക്കേണ്ടതാണ്.

ജോലിയിൽ പ്രവേശിക്കുന്ന വിവരം ഈ ആഫീസിലും, അക്കൗണ്ടന്റ് ജനറലിന്റെ ആഫീസിലും ബന്ധപ്പെട്ട ജില്ലാ മെഡിക്കലാഫീസിലും അറിയിക്കേണ്ടതാണ്.

ഡോ. കെ. ജമുന
**ഹോമിയോപ്പതി ഡയറക്ടർ**

ബന്ധപ്പെട്ട കക്ഷികൾക്ക്.
പകർപ്പ്;

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
ജില്ലാ മെഡിക്കലാഫീസർ (ഹോമിയോ), ഇടുക്കി/വയനാട്
മെഡിക്കലാഫീസർ, ജി.എച്ച്.ഡി., വട്ടവട/മുട്ടിൽ
നോഡൽ ആഫീസർ, ഡിപ്പാർട്ട്മെന്റ് സൈറ്റ്
സ്റ്റോക്ക് ഫയൽ / ഒ.സി

ജി.എം